(ബി) സ്കൂൾ കെട്ടിടങ്ങളെല്ലാം ഉടനെ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ പി. ഡബ്ലി യു. ഡിപ്പാർട്ടുമെൻറധികൃതർക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതേപ്പറ്റിയെല്ലാം ഗവണ്മെൻറ് ആലോചിച്ചു വരികയാണ്. ഈ കാര്യത്തെ സംബന്ധിച്ച് ഈ സഭയിൽ 5-8-1969-ൽ നടത്തിയ പ്രസ്താവനയിൽ ഇതെല്ലാം വിശദമാക്കിയിരിക്കുന്നു.

பள்ளிக்கூடங்களுக்கு தகுதி நற்சான்றிதழ்

* 52 [138] ஸ்ரீ. என். கணபதி : கீழ் காணும் வினாக்களுக்கு கல்வி மந்திரி அவர்கள் விடை பகர்வார்களாக :

(எ) நமது மாநிலத்தில் உள்ள அரசாங்க தனியார் துறைப் பள்ளிகளுக்கு பொதுப்பணித்துறையைச் சார்ந்தவர்கள் கட்டிடத் தகுதிச் சான்றிதழ் கொடுக்க வேண்டுமென்று வழக்கம் இருக்கிறதா;

(பி) கொடுக்க வேண்டுமெனில் வருடாவருடம் கொடுக்கவேண்டுமா; அல்லது எவ்வளவு கால இடைவெளிக்கொருமுறை கொடுக்கப்படவேண்டும்;

(ஸி) 22-7-1969 அன்று கட்டிடம் இடிந்து விழுந்து 19 மாணவ மாணவியர் உயிரிழக்கவும் 300 மாணவமாணவியர் காயம் அடையும்படியான நிலையிலிருந்த கண்ணமம் பள்ளிக்கூடத்திற்கு அத்தகைய தகுதிச் சான்றிதழ் நல்கப் பட்டிருந்ததா;

(டி) இதுபற்றி அரசாங்கம் விசாரணை நடத்தியதில் என்ன தெரிந்தது;

(இ) இதில் குற்றவாளிகளைக் கண்டுபிடித்து தக்க நடவடிக்கை எடுக்க அரசாங்கம் தயாராகுமா?

Education Minister (**Shri C. H. Mohamed Koya**) :

(a) There are instructions to issue Fitness certificates by the P.W.D. in respect of all school buildings before the commencement of the School year.

(b) It should be issued every year.

(c) It is known that a fitness certificate was issued in respect of the school building.

ചോദ്യത്തിൽ പറയുന്ന സംഖ്യകളൊന്നും ശരിയല്ല.

(d) The Executive First Class Magistrate Tellicherry has been authorised to conduct an enquiry into the circumstances that led to the collapse of the building. His report is being awaited.

(e) The actual circumstances that led to the collapse of the building can be known only on receipt of the enquiry report. The Government will not hesitate to take any action if anybody is guilty of negligence.

ശ്രീ. പി. പി. കൃഷ്ണൻ : കൊട്ടക്കാറും പേമാരിയുമില്ലാതെ വല്ല സ്കൂളുകളും വീണിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്ര സ്കൂളുകൾ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : അതിപ്പോൾ പറയാൻ നിവൃത്തിയില്ല. ഇതിൽ വെച്ചിരിക്കുന്ന ചോദ്യം ഇതല്ലാത്തതിനാൽ മറു വിവരങ്ങൾ കൈവശമില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. കൃഷ്ണൻ : ഇതിൽ ഏതെങ്കിലും സ്കൂളുകൾക്ക് പി. ഡബ്ലിയു. ഡി. ഇഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് വല്ല സർട്ടിഫിക്കറും കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകൾക്കാണ് ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : ഇപ്പോൾ കണ്ണവം സ്കൂളിനെ സംബന്ധിച്ചിടത്തോളം പി. ഡബ്ലിയു. ഡി. സർട്ടിഫിക്കറ് കൊടുത്തിട്ടുണ്ടെന്നാണ് അറിവ്. സർട്ടിഫിക്കറു കൊടുത്ത മറ്റ് സ്കൂളുകൾ വീണുപോയിട്ടുണ്ടോ എന്നറിയാൻ കഴിഞ്ഞിട്ടില്ല. സർട്ടിഫിക്കറിനെ മാത്രം ആസ്പദിച്ചല്ല സ്കൂളുകൾ വീഴുന്നത്.

ശ്രീ. ഇ. വി. കുമാരൻ : ഫിറ്റ്നസ് സർട്ടിഫിക്കറ് കൊടുക്കുന്നത് ഒരു ചടങ്ങെന്ന നിലയിലാണോ ; ഇത് കർശനമാക്കാൻ ആവശ്യമായ നടപടികൾ എടുക്കുമോ ?

ശ്രീ സി. എച്ച്. മുഹമ്മദുകോയ : കർശനമാക്കിയാലുണ്ടാവുന്ന വിഷമതകൾ പരിശോധിച്ചതിനു ശേഷമേ ഉത്തരം പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. വി. കുട്ടിക്കൃഷ്ണൻ നായർ : കണ്ണവം സ്കൂൾ ഇടിഞ്ഞുവീണ് മരിക്കാൻ ഇടയായ കുട്ടികളുടെ കുടുംബങ്ങൾക്ക് ഗവണ്മെന്റിൽ നിന്നും വല്ല സഹായവും കൊടുക്കുകയുണ്ടായോ; ഉണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : ഇതിന്റെ വളരെ വിശദമായ വിവരം ഈ 5-ാം തീയതി ഞാൻ ഈ സഭയിൽ പ്രസ്താവിച്ചിട്ടുണ്ട്.

ശ്രീ. എൻ. കണപതി: സർ, കണ്ണൻദേവൻ കമ്പെനിയിലിരുന്ന് മൂന്നേർ ഹൈസ്കൂളുക്കു ചർക്കാർ ഒരു ലട്ച രൂപായ് പെറുമാന കട്ടിടത്തൈ എടുത്തും, ഇതുവരൈ വെള്ളൈകൂട അടിക്കാമൽ സീർതിരുത്തം ചെയ്യാമൽ 3000 പള്ളി മാണവർകൾ ഉയിർ ആപത്തിലിരുപ്പതൈ ചർക്കാർ കവനത്തിറ്കു വന്തുള്ളതാ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : മൂന്നാർ സ്കൂൾ ഭാഗിക്കുന്നതിനെ സംബന്ധിച്ച് ചില വൈഷമ്യങ്ങൾ ഉണ്ടായിട്ടുണ്ട്. മൂന്നാർ സ്കൂളിന്റെ പ്രശ്നം അവിടത്തെ പഞ്ചായത്തു പ്രസിഡൻറും മറ്റു മാന്യന്മാരും എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അവിടെ താൽക്കാലികമായി എന്തെങ്കിലും ഏർപ്പാട് ചെയ്യാനും മറ്റൊരു സ്ഥിരം കെട്ടിടം ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. എൻ. കണപതി : ഹൈസ്കൂൾ വിഷയമായ് ടി. പി. ഐ., ജില്ലാക് കലക്ടർ വന്തു പാർത്തു എന്ത ഏർപ്പാടും സെയ്യാമലിരുക്കിറതു. കാരണം ഇന്ത പള്ളിയിൽ പടിപ്പതു പെരുമ്പാലും തമിഴർകൾ, ഹരിജനങ്കൾ, തൊഴിലാളർ പിൾൈകളാകും എൻപതാൽ സർക്കാരും പാരാപട്ചം കാട്ടുവതൈയും മറ്റും ആപത്തുക്കളൈപ് പോക്കവും മന്തിരി അവർകൾ നേരിട്ടു പാർവൈയിട്ടു പരികാരം കാണലാമാ?

ശ്രീ. സി. എച്ച്. മുഹമ്മദ കോയ : മന്ത്രി നേരിട്ട് കേരളത്തിലെ എല്ലാ സ്കൂളുകളും പോകണമെന്നു പറയുന്നതു പ്രായോഗികമായി ശരിയല്ല. പിന്നെ ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ തന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ എന്തു നടപടി എടുക്കണമെന്നു നോക്കുന്നതാണ്.

ശ്രീ. കെ. എം. മാണി : സ്കൂൾ കെട്ടിടങ്ങളൊക്കെ ഇൻഷ്വറൻസിനു വിധേയമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്കൂൾ കെട്ടിടങ്ങൾ ഇൻഷ്വർ ചെയ്യുന്നതിനും തേഡ് പാർട്ടി ഇൻഷ്വറൻസിനു മറ്റൊരു സംകീം നടപ്പാക്കുന്നതിനും ആലോചിക്കുമോ ?

Shri. C. H. Mohammed Koya : It is a suggestion for action.

ശ്രീ. ജി. ഗോപിനാഥൻ പിള്ള : പുന്നപ്ര സ്കൂൾ പുതുക്കി പണിയുന്നതിനെ സംബന്ധിച്ച് മാനേജ്മെന്റ് ഗവണ്മെന്റിലേക്ക് എന്തെങ്കിലും നിവേദനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന് എന്തു നടപടി എടുത്തിട്ടുണ്ട്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : നിവേദനം കിട്ടിയിട്ടുണ്ടോ എന്നറിയില്ല. മാനേജ്മെന്റു സ്കൂളുകൾ പുതുക്കിപ്പണിയുന്നതിന് ഗവണ്മെന്റിൽ നിന്നും സഹായം നൽകാനുള്ള വ്യവസ്ഥകളൊന്നും ഇപ്പോഴില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഇത്തവണ വീണ സ്കൂളുകളിൽ ചിലതെല്ലാം പുതുതായി പണി കഴിപ്പിച്ചതാണെന്നു കേട്ടു. അങ്ങനെ പുതുതായിട്ട് പണികഴിപ്പിച്ച സ്കൂളുകൾ നിലം പതിക്കുകയും മുമ്പേ ഉണ്ടായിരുന്ന പഴയ സ്കൂൾ കെട്ടിടങ്ങൾ നിലവിലിരിക്കുകയും ചെയ്യുന്നതുകൊണ്ട് കെട്ടിടങ്ങളുടെ പണിയിൽ എന്തെങ്കിലും കുഴപ്പം ഉണ്ടായിട്ടുണ്ടോ എന്നന്വേഷിക്കുവാൻ ഏർപ്പാടു ചെയ്യുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : പുതുതായിട്ട് പണിതതിൽ എന്തെങ്കിലും തകരാറു വന്നിട്ടുണ്ടോ എന്നാണ് അന്വേഷിക്കുന്നത്. പക്ഷേ ചുഴലിക്കാറ്റു മുതലായ സംഭവങ്ങൾ ആ സ്ഥലത്തുമാത്രമേ ഉണ്ടായിട്ടുള്ളൂ. വൃദ്ധന്മാരായ ആളുകൾ ജീവിച്ചിരിക്കുകയും ചെറുപ്പക്കാരായ ആളുകൾ മരിക്കുകയും ചെയ്യുന്നുണ്ടല്ലോ. അതുപോലെ പുതിയ കെട്ടിടം അവിചാരിതമായ കാരണങ്ങളാൽ ഇടിഞ്ഞു വീണുകൂടെന്നില്ല.

ശ്രീ. എ. വി. കുഞ്ഞമ്പു : കണ്ണവം അപ്പർ പ്രൈമറി സ്കൂൾ കെട്ടിടം കെട്ടുന്നതിനു് ആവശ്യമായ സിമന്റു് ചേർക്കാതെ മണൽ മാത്രമാണു് ഉപയോഗിച്ചതെന്നും ആവശ്യമായ സിമന്റു് ഉപയോഗിക്കാത്തതുകൊണ്ടാണു് കെട്ടിടം പൊളിഞ്ഞു വീണതെന്നുമുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : വസ്തുത ശരിയാണെന്നു തോന്നുന്നില്ല. ഇതു് തൽക്കാലം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ അല്ല, അന്വേഷണോദ്യോഗസ്ഥന്റെ ശ്രദ്ധയിലാണു് പെടുത്തേണ്ടതു്.

ശ്രീ. എ. വി. കുഞ്ഞമ്പു : ആവശ്യമായ സിമന്റു് ഉപയോഗിച്ചിട്ടില്ല, സിമന്റു് കുട്ടിയതിന്റെ അനുപാതം ശരിയായിരുന്നില്ലെന്നു തെളിവു തന്നാൽ ആവശ്യമായ നടപടികളും സ്വീകരിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : തെളിവു് അന്വേഷണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണു്. അങ്ങനെ പെടുത്തിയതിനു ശേഷം സിമന്റും മണ്ണും കൂട്ടിക്കലർത്തിയതു് ശരിയായ അനുപാതത്തിലല്ല എന്നു കാണുകയാണെങ്കിൽ തീർച്ചയായും ഗവണ്മെന്റു് വേണ്ട നടപടി സ്വീകരിക്കുന്നതാണു്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : സ്കൂളുകൾക്കു് ആവശ്യമുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നു പറഞ്ഞു. എന്നാൽ ഒരു ഏരിയായിലെ മുഴുവൻ സ്കൂളുകളുടെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളതു് ഒരു ജൂനിയർ എഞ്ചിനീയറെയാണു്. അതു് മേയ് മാസത്തിന്റെ അവസാനത്തിനു മുൻപായി കൊടുക്കണമെന്നുമുണ്ടു്. ഈ ജൂനിയർ എഞ്ചിനീയർക്കാണെങ്കിൽ വാഹനങ്ങളും നൽകിയിട്ടില്ലാത്തതുകൊണ്ടു് എട്ടും പത്തും നാഴിക നടന്നു വേണം പോകാൻ. ഇതു് വളരെ പ്രയാസമേറിയ സംഗതിയായതുകൊണ്ടു് വാഹനങ്ങളും നൽകാനുള്ള ഏർപ്പാടുകൂടി ചെയ്യുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : ഇപ്പോഴും എന്തു് ഏർപ്പാടാണു് ചെയ്യേണ്ടതെന്നുള്ള കാര്യം എനിക്കു വ്യക്തമല്ല.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : ജീർണ്ണിച്ച നിലയിലുള്ള അനവധി സ്കൂൾ കെട്ടിടങ്ങളും സ്റ്റോറിന്റെ നാനാഭോഗത്തും ഉള്ളതുകൊണ്ടു് കൂടുതൽ അപകടങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കാൻവേണ്ടി അവ പുതുക്കി നിർമ്മിക്കുവാൻ ആവശ്യമായ ധനം സമ്പാദിക്കാൻ എന്തെങ്കിലും പുതിയ നിർദ്ദേശം ഗവണ്മെൻറിനു നൽകാനുണ്ടോ ; അതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : ധനം സമ്പാദിക്കാനുള്ള പുതിയ നിർദ്ദേശമൊന്നും ഇപ്പോൾ ഗവണ്മെൻറിൻെറ ആലോചനയിലില്ല. വാസ്തവത്തിൽ സ്കൂൾ കെട്ടിടങ്ങളെ സംബന്ധിച്ച് ഒരു തീവ്രയത്നപരിപാടി പണ്ടെങ്ങും ഉണ്ടായിട്ടില്ലാത്ത നിലയിൽ ഈ ഗവണ്മെൻറു നടത്തിയിട്ടുണ്ട്. പക്ഷേ പ്രശ്നം വളരെ സങ്കീർണ്ണമാണ്. നന്നാക്കാനുള്ള സ്കൂളുകളുടെ എണ്ണം അധികമായതുകൊണ്ട് അതു് പ്രശ്നത്തിൻെറ ഒരംശംപോലും പരിഹരിക്കാൻ പര്യാപ്തമായിട്ടില്ലെന്നുള്ളതു് ഒരു വസ്തുതയാണു്. എല്ലാ സ്കൂൾ കെട്ടിടങ്ങളും ഒന്നിച്ചു പണിയിക്കാൻ ആവശ്യമായ പണം എങ്ങനെ ഉണ്ടാക്കണമെന്നുള്ളതിനെ സംബന്ധിച്ചു് പുതിയ ഒരു നിർദ്ദേശവും ഇല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : എല്ലാ വർഷവും വർഷകാലത്താണു് സ്കൂളുകൾ നിലംപതിക്കുകയും അപകടം ഉണ്ടാകുകയും ചെയ്യുന്നതെന്നുള്ളതുകൊണ്ടു് ഒരു ആശയമെന്നുള്ള നിലയിൽ അല്പാതെ വെക്കേഷൻ പീരീഡ്സു് മാറ്റുന്നതിനെ സംബന്ധിച്ചു് കാര്യമായി എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ ; അതില്ലെങ്കിൽ പ്രായോഗികമായ ഒരു രൂപം ഉണ്ടാക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : സർ, വർഷകാലത്താണു് അധികം സ്കൂൾ കെട്ടിടങ്ങൾക്കും കേട് പറ്റുന്നതു്. എന്നാൽ വർഷകാലത്തു് സ്കൂളുകൾക്കു് അവധി നൽകുന്നതുകൊണ്ടു് എന്തെങ്കിലും വിഷമതകൾ ഉണ്ടോ എന്നാലോചിക്കണം. ഇതിനെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും ഞാൻ ഈ സഭയിൽ അന്നൊരു ദിവസം പറഞ്ഞിട്ടുള്ളതാണു്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ : ഫിറ്റ്നസ് സർട്ടിഫിക്കറ്റു് എടുക്കാത്ത മാനേജന്മാരുടെ പേരിൽ നടപടി എടുക്കുന്നതിനു പകരം അദ്ധ്യാപകരുടെ ശമ്പളത്തിൽ തടഞ്ഞു വയ്ക്കുന്ന നടപടി ശരിയാണോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : അദ്ധ്യാപകരുടെ ശമ്പളബിൽ തടഞ്ഞു വയ്ക്കുന്നതു് വിഷമമുള്ള കാര്യമാണെങ്കിലും മാനേജന്മാരുടെ പേരിൽ എങ്ങനെ നടപടിയെടുക്കാൻ കഴിയുമെന്നുള്ളതിനെപ്പറ്റിക്കൂടി ആലോചിക്കണം.

ശ്രീ. കെ. കെ. അബു : സ്കൂൾകെട്ടിടനിർമ്മാണത്തിൻെറ ഓരോ ഘട്ടത്തിലും പോയി പരിശോധിച്ചിട്ടാണോ ഫിറ്റ്നസ് സർട്ടിഫിക്കറ്റു് കൊടുക്കുന്നതു് ; അതോ എല്ലാ ജോലിയും കഴിഞ്ഞതിനുശേഷം പരിശോധിച്ചിട്ടാണോ കൊടുക്കുന്നതു് ; ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി അന്വേഷിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അങ്ങനെയുള്ള നിർദ്ദേശം കൊടുക്കുമോ ? കൂടാതെ മറ്റൊരു കാര്യമുള്ളതു് എങ്ങനെയെങ്കിലും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം നടന്നുപോകുന്നുണ്ടെന്ന നിലയിൽ കണ്ണവത്തെ ഹോസ്റ്റലിനു ടി. ബി. അനുവദിച്ചുകൊടുക്കുന്ന കാര്യത്തിൽ നടപടിയെടുക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : സാധാരണയായി ഫിറ്റ്നസ് സർട്ടിഫിക്കറ്റു കൊടുക്കുന്നതു് കെട്ടിടം പൂർത്തിയായതിനു ശേഷമാണു്. കെട്ടിടനിർമ്മാണത്തിൻെറ ഓരോ ഘട്ടത്തിലും ഫിറ്റ്നസ് സർട്ടിഫിക്കറ്റു വേണമെന്നു് മാനേജന്മാരെ നിർബന്ധിക്കാൻ സാധിക്കുമോ എന്നുള്ളതും ആലോചിക്കണം. കൂടാതെ അതു പ്രായോഗികമാക്കുന്നതിനു് എത്രമാത്രം എഞ്ചിനീയർമാർ വേണമെന്നുള്ളതെല്ലാം ആലോചിക്കേണ്ടതായിട്ടുണ്ടു്. ഇതു് നല്ലൊരു നിർദ്ദേശമാണെന്നു ഞാൻ സമ്മതിക്കുന്നു. കണ്ണവം സ്കൂളിലെ വിദ്യാർത്ഥികളെ ടി. ബി. യിൽവച്ചു പഠിപ്പിക്കുന്ന കാര്യം തീർച്ചയായും പരിഗണിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. തോമസ്: തൊടുപുഴ ഗ്രൂപ്പിലുള്ള പ്രൈമറി സ്കൂളുകളുടെ കെട്ടിടങ്ങളും വളരെ പരിതാപകരമായ നിലയിലാണു്. അതുകൊണ്ടു് അടിയന്തിരമായി കെട്ടിടങ്ങളും നിർമ്മിക്കാൻ ശ്രമിക്കുമോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : ഈ നിവേദനം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണു്.

ശ്രീ. എൻ. കെ. ശേഷൻ : പല സ്കൂളുകളുടെയും പരിശോധന ഇടയ്ക്കിടയ്ക്കു് ആവശ്യമുള്ളതുകൊണ്ടു് പി. ഡബ്ലിയു. ഡി.ക്കു് എല്ലായ്പോഴും അതിനു സാധിച്ചെന്നു വരികയില്ല. അതുകൊണ്ടു് വിദ്യാഭ്യാസഡിപ്പാർട്ടമെൻറിൽ സ്ഥിരമായി ഒരു പി. ഡബ്ലിയു. ഡി. വിംഗ് ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചു് ആലോചിക്കുമോ ; ഇപ്പോഴും ഉണ്ടെങ്കിൽ അതു വിപുലീകരിക്കുമോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : അതൊരു നിർദ്ദേശമാണു്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്) : അട്ടപ്പാടിയിൽ മല ഇടിഞ്ഞുവീണു് സ്കൂൾ അപകടം സംഭവിച്ചിട്ടുള്ളതിനെപ്പറ്റി എന്തു നടപടിയാണു് എടുത്തിട്ടുള്ളതു് ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : ബഹുമാനപ്പെട്ട മെമ്പർ വേറൊരു ചോദ്യം ചോദിക്കണം.

ശ്രീ. പി. ഗംഗാധരൻ : സ്കൂളുകളുടെ അപകടങ്ങളുടെ സ്ഥിതി പരിഗണിച്ചു് സ്കൂൾ കെട്ടിടങ്ങൾക്കു് ഇൻഷ്വറൻസു് ഏർപ്പെടുത്തുന്ന നിർദ്ദേശം പരിഗണിക്കാമെന്നു് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്നാൽ അവിടെ അദ്ധ്യയനം നടത്തുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും കൂടി ഈ നിർദ്ദേശം ബാധകമാക്കുന്ന കാര്യം പരിഗണിക്കുമോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : അതു് ഒരു നിർദ്ദേശമാണെന്നു മാത്രമാണു് ഞാൻ പറഞ്ഞതു്. ഓരോ നിർദ്ദേശത്തെ സംബന്ധിച്ചും മറുപടി പറയുക പ്രയാസമാണു്. ചോദ്യോത്തരസമയത്തു് വിവരങ്ങൾ എലിസിറ്റു് ചെയ്യാനുള്ളതാണു്. അതുകൊണ്ടു് അതിനെ സംബന്ധിച്ചു് ഇപ്പോൾ വ്യക്തമായി മറുപടി പറയാൻ സാദ്ധ്യമല്ല.

ശ്രീ. പി. കുഞ്ഞൻ : ഈ ഫിറ്റ്നസു് സർട്ടിഫിക്കറ്റു് കൊടുക്കുന്നതു് അതാതു് സ്കൂൾ കെട്ടിടങ്ങൾ എഞ്ചിനീയർ പോയി പരിശോധിച്ചിട്ടാണെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ തൃത്താല താലൂക്കിലെ ചാത്തന്നൂർ ഹൈസ്കൂൾ കെട്ടിടം ജീർണ്ണിച്ചതാണെന്നു പറഞ്ഞിട്ടും എഞ്ചിനീയർ ഓഫീസിലിരുന്നു് ഫിറ്റ്നസു് സർട്ടിഫിക്കറ്റു് കൊടുത്തിട്ടുള്ളതിനെ സംബന്ധിച്ചു് നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : അതിനെതിരായി ബഹുമാനപ്പെട്ട മെമ്പർ ആക്ഷേപം എഴുതി അയയ്ക്കേണ്ടതാണു്. അങ്ങനെ അയച്ചാൽ നടപടി സ്വീകരിക്കുന്നതാണു്.

ശ്രീ. വി. വി. കുഞ്ഞമ്പു : കൊടുങ്കാറ്റിന്റെയും പേമാരിയുടെയും ഫലമായി ഉണ്ടാകുന്ന അപകടങ്ങളിൽനിന്നും പിഞ്ചുകുഞ്ഞുങ്ങളെയെങ്കിലും രക്ഷിക്കുന്നതിനു വേണ്ടി ജൂൺ 15 മുതൽ ആഗസ്റ്റു് 15 വരെ ലോവറും അപ്പറും പ്രൈമറി സ്കൂളുകൾക്കു് അവധി കൊടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : ബഹുമാനപ്പെട്ട മെമ്പർ ശ്രീ. അബു ഈ പ്രശ്നം ഇവിടെ മുമ്പു് ഒരു ദിവസം ഉന്നയിച്ചപ്പോൾ ഞാൻ ചെയ്ത സാമാന്യം ദീർഘമായ പ്രസ്താവനയിൽ ഇക്കാര്യങ്ങളെല്ലാം വ്യക്തമായി പറഞ്ഞിട്ടുണ്ടു്. ആ പ്രൊസീഡിംഗ്സു് ബഹുമാനപ്പെട്ട മെമ്പർ വായിക്കണമെന്നാണു് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. രാഘവൻ : ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കുന്നതു് കെട്ടിടങ്ങൾക്കാണു്. എന്നാൽ കെട്ടിടങ്ങളില്ലാതെ മരത്തിൻറെയും മറ്റും ചുവട്ടിൽ പല സ്കൂളുകളും നടക്കുന്നുണ്ടു്. അങ്ങനെയുള്ള സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സംരക്ഷണത്തിനുവേണ്ടി എന്തു നടപടിയാണു് അടിയന്തിരമായി സ്വീകരിക്കുന്നതു്?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ: അതിനുള്ള ഒരു വഴി അവിടെ പുതിയ കെട്ടിടങ്ങളുണ്ടാക്കുകയെന്നുള്ളതാണു്. അതു് നാട്ടുകാരുടെയും മറ്റും സഹായസഹകരണങ്ങളോടുകൂടിയാണു് നടത്തേണ്ടതു്. അതുപോലെ 50:50 സ്കീം അനുസരിച്ചും കെട്ടിടങ്ങളും നിർമ്മിക്കുന്നുണ്ടു്. അതിലെല്ലാം എം. എൽ. എ. മാർ മുൻകൈയെടുത്തു പ്രവർത്തിക്കണം.

ശ്രീ. കെ. എം. മാണി : സുരക്ഷിതമല്ലാത്ത സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളബില്ലുകളും തടഞ്ഞുവച്ചിട്ടുണ്ടു്. മാനേജരുടെ പേരിൽ നടപടിയെടുക്കുന്നതിനു പകരം ഇങ്ങനെ അദ്ധ്യാപകരുടെ ശമ്പളബിൽ തടഞ്ഞുവയ്ക്കുന്നതു ശരിയാണോ? അതു് ഉടനടി പുനഃപരിശോധിക്കാമോ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : സ്കൂളുകളിൽ വേണ്ടത്ര സ്ഥലസൗകര്യങ്ങളും ഏർപ്പെടുത്തിയാൽ മാത്രമേ സ്കൂളുകൾക്കു അംഗീകാരം കൊടുക്കുകയുള്ളൂ. യാതൊരു സ്ഥലസൗകര്യവും ഏർപ്പെടുത്താതെ കുറെ അദ്ധ്യാപകരെമാത്രം നിയമിച്ചിട്ടുള്ള മാനേജർന്മാരെ സംബന്ധിച്ചിടത്തോളം അദ്ധ്യാപകരുടെ ശമ്പളം ഗവണ്മെൻറു് കൊടുത്തുകൊണ്ടിരുന്നാൽ പിന്നീടു് സ്ഥലസൗകര്യം ഏർപ്പെടുത്തുകയില്ലെന്നുള്ളതു് ഒരു വസ്തുതയാണു്. സ്ഥലസൗകര്യം ഏർപ്പെടുത്തുന്നതിൻറെ ഉത്തരവാദിത്വം മാനേജരന്മാർക്കാണു്. അംഗീകാരം സംബന്ധിച്ച വിഷമതകളും കൊണ്ടാണു് അദ്ധ്യാപകരുടെ ശമ്പളം തടയുന്നതു്. എന്നാൽ അതുകൊണ്ടു് അദ്ധ്യാപകർക്കുള്ള വിഷമതകളെസംബന്ധിച്ചു് ഗവണ്മെൻറു് തീർച്ചയായും പരിഗണിക്കുന്നതാണു്.

ശ്രീ. എസ്. രാമോദരൻ : പ്രകൃതിക്ഷോഭം മൂലം തകർന്നു പോകുന്ന പ്രൈവറ്റു് സ്കൂൾ കെട്ടിടങ്ങൾ പുതുക്കിപ്പണിയുന്നതിനു് ഗവണ്മെൻറു് പ്രത്യേകമായ ധനസഹായം നൽകുമോ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : അതിപ്പോൾ തീർത്തു പറയാൻ സാധ്യമല്ല. നിലവിലുള്ള വ്യവസ്ഥപ്രകാരം പ്രൈവറ്റു സ്കൂളുകൾക്കു സഹായധനം കൊടുക്കാൻ നിവൃത്തിയില്ല. അങ്ങനെ സഹായധനം ഏർപ്പെടുത്തുകയാണെങ്കിൽ വളരെയധികം സാമ്പത്തിക ബാധ്യതയുണ്ടാകും. പല പ്രൈവറ്റു് സ്കൂളുകളുടെയും നിലയുപൽക്കരമാണു്. ആ നിലയിൽ എന്തുമാത്രം പണം വേണ്ടിവരുമെന്നു് ഇപ്പോൾ ചോദ്യോത്തര സമയത്തു് പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. കെ. അബു : കണ്ണൂർ സ്കൂളിൻറെ കാര്യത്തിൽ അതിൻറെ മാനേജർ വീണ്ടും ഒരു കെട്ടിടം ഉണ്ടാക്കാൻ കഴിവില്ലാത്ത ആളാണെന്നും ലാഭത്തിനുവേണ്ടിയല്ല അദ്ദേഹം സ്കൂൾ നടത്തുന്നതെന്നും നാട്ടുകാർക്കുതന്നെ അഭിപ്രായമുണ്ടു്. ആ പ്രത്യേകത പരിഗണിച്ചുകൊണ്ടു് വേണ്ട പരിഗണന നൽകുമോ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : പ്രത്യേക പരിഗണന നൽകണമെന്ന ആശയത്തോടു് എനിക്കു് വിയോജിപ്പില്ല. പക്ഷേ ഒരിക്കൽ നൽകികഴിഞ്ഞാൽ പിന്നെ അതൊരു പ്രീസിഡൻറാകും. പിന്നെ എല്ലാ സ്ഥലത്തും കൊടുക്കേണ്ടതായിവരും. കണ്ണൂർ സ്കൂളിൻറെകാര്യത്തിൽ അനുഭാവപൂർവ്വമായ നയം സ്വീകരിക്കണമെന്നു് അവിടം സന്ദർശിച്ച എനിക്കും വ്യക്തിപരമായ അഭിപ്രായമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly